പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4056 | 26.06.2013-ൽ മറുപടിയ്ക്ക്

## പഴശ്ശി ജലസേചന പദ്ധതി

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) കണ്ണൂർ ജില്ലയിലെ പഴശ്ശി ജല സേചന പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത് ; | എ) പഴശ്ശി ജലസേചന പദ്ധതിയ്ക്ക് 1959 ലാണ് ഭരണാനുമതി നല്കിയത് |
| ബി) ഭരണാനുമതി ലഭിച്ചപ്പോൾ എസ്റ്റി മേറ്റ് തുക എത്രയായിരുന്നു; | ബി) ഭരണാനുമതി നല്കിയത് 4.40 കോടി, രൂപയ്ക്കാണ് |
| സി) ഒന്നാംഘട്ട കമ്മീഷനിംഗ് എന്ന് നടന്നുവെന്നും ആരാണ് ഉത്ഘാടനം ചെയ്തതെന്നും വ്യക്തമാക്കുമോ ; | സി) 1979 ലാണ് കമ്മീഷൻ ചെയ്തത്. മുൻ പ്രധാനമന്ത്രി ശ്രീ. മൊറാർജി ദേശായിയാണ് പദ്ധതി ഉത്ഘാടനം ചെയ്തത്. |
| ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | ഡി) കണ്ണൂർ ജില്ലയിലെ 16200 ഹെക്ടർ പ്രദേശത്ത് രണ്ടാം വിളയ്ക്ക് വേണ്ട ജലം ലഭ്യമാക്കുവാനും, കുടിവെള്ള വിതരണത്തിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. |
| ഇ) ഏതെല്ലാം താലൂക്കുകളിലെ ജല സേചനമാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത് ; | ഇ) കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ് എന്നീ താലൂക്കുകളിലെ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനുമാണ് പദ്ധതി ആസൂത്രണം ചെയ്തത്. |
| എഫ്) നാളിതുവരെ പഴശ്ശി പദ്ധതിക്ക് എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ; | എഫ്) ഇതുവരെ 180 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് |

ജി) കഴിഞ്ഞ 10 വർഷങ്ങളിലായി ഓരോ സാമ്പത്തിക വർഷവും പഴശ്ശി പദ്ധതിക്കായി എന്തു തുക വീതം ചെലവഴിച്ചുവെന്നും ഓരോ വർഷവും ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ ;

ജി) പഴശ്ശി പദ്ധതിയ്ക്കായി കഴിഞ്ഞ 10 വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| Year | Barrage | Building | Canal | Branches | Distributories |
|---|---|---|---|---|---|
| 2004 | | 9,61,221 | 30,58.733 | 17.65.366 | 11.31.456 |
| 2005 | 12,950 | 9,19,111 | 85,63,263 | 33,93,198 | 30.52.308 |
| 2006 | 1,84,169 | 9,83,804 | 25,59,354 | 15,25,235 | 1,81.352 |
| 2007 | - | - | - | 27,96,876 | - |
| 2008 | 78,36,248 | 38,62,158 | 18,05,781 | 10,11,168 | 11,49,221 |
| 2009 | 27,90,816 | 19,68,974 | 17,34,886 | 16,47,828 | 10,43,125 |
| 2010 | 65,00,193 | 4,92,481 | 33,41,592 | 35,89,633 | 5,05,848 |
| 2011 | 13,85,803 | 2,44,175 | 37,29,411 | 25,45,074 | 3,12,795 |
| 2012 | 10,93,110 | 4,67,867 | 15,72,673 | 14,41,161 | 2,31,984 |
| 2013 | 18,70,259 | 1,09,181 | 4,23,147 | - | 6,200 |

എച്ച്) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ?

എച്ച്) പഴശ്ശി പദ്ധതിയുടെ 16 ഷട്ടറുകൾ കാലപ്പഴക്കത്താൽ പ്രവർത്തനക്ഷമമല്ല. അവ മാറ്റി സ്ഥാപിക്കുന്നതിന് മെക്കാനിക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ KEL പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളും നന്നാക്കുന്നതിന് AIBP ൽ ഉൾപ്പെടുത്തുന്നതിനായി 10 കോടി രൂപയുടെ ജോലികൾക്കുള്ള നടപടികളെടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ